# കേരളപാഠാവലി STD 10

## യൂണിറ്റ് 1. കാലാതീതം കാവ്യവിസ്മയം

മനുഷ്യനന്മയെ ലക്ഷ്യം വെച്ചിട്ടുള്ള വിസ്മയങ്ങളായ കാവ്യങ്ങൾ കാലത്തിനും ദേശത്തിനും അതീതമായി നിലനിൽക്കുന്നു. ഭാരതീയപശ്ചാത്തലത്തിൽ രചിച്ച ശാകുന്തളം യൂറോപ്യൻ കവികളുടെ മനസ്സിൽ ആഹ്ലാദം നിറയ്ക്കുന്നു.ഷേക്സ്പിയറിൻറെയും ഖലീൽജിബ്രാൻറെയും കൃതികൾ മലയാളസാഹിത്യലോകത്തും ചർച്ചയാകുന്നു.വ്യാസൻറെയും വാത്മീകിയുടെയും കഥാപാത്രങ്ങൾ നൂറുകണക്കിന് സാഹിത്യരൂപങ്ങളിലൂടെ ഇന്നും പുന:സൃഷ്ടിക്കപ്പെടുന്നു. കാലത്തിൻറെയും ദേശത്തിൻറെയും പരിമിതികളെ മറികടന്നുകൊണ്ട് സാഹിത്യം മാനവസംസ്കാരത്തിൻറെ ഏകസ്വരമായി മാറുന്നു.

കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ;
ഇലകൾക്കും തത്തകൾക്കും ഗൗളികൾക്കുമെന്നപോലെ.
-കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

-ഈ വരികളിൽ തെളിയുന്ന ആശയങ്ങൾ ചർച്ച ചെയ്യുക.

- ഇലകളുടെ മർമരം,തത്തകളുടെ കൊഞ്ചൽ,ഗൗളികളുടെ (പല്ലികൾ) ചിലക്കൽ ഇവ ലോകത്തെല്ലായിടത്തും ഒരുപോലെയാണ്.അതുപോലെയാണ് കവികളുടെ ഭാഷയും. **പ്രകൃതിയെപ്പറ്റിയും മനുഷ്യനെപ്പറ്റിയുമാണ് ലോകമെമ്പാടുമുള്ള കവികൾ പറയുന്നത്.**
- കാലവും ദേശവും ലിപികളുമെല്ലാം വ്യത്യസ്തമാണെങ്കിലും, ലോകത്തെല്ലായിടത്തുമുള്ള **കവികൾ വിനിമയം ചെയ്യുന്നത് ഒരേ വികാരവും ഭാവവും ആശയവുമാണ്.കവികളുടെ ആന്തരികഭാഷ ഒന്നാണെന്ന** കണ്ടെത്തലാണ് ഇതിൻറെ ഉള്ളടക്കം.
- എഴുത്തച്ഛനും കാളിദാസനും വിക്ടർ ഹ്യൂഗോയുമെല്ലാം ഒരേ ജീവിതപാനപാത്രത്തിൽ നിന്ന് കയ്പും മധുരവും രുചിച്ച് എഴുതുന്നവരാണെന്ന വെളിച്ചത്തിലേക്കാണ് ഈ ആശയം ചെന്നെത്തുന്നത്.

## 1. ലക്ഷ്മണസാന്ത്വനം

**മലയാളഭാഷയുടെ പിതാവ്** എന്ന വിശേഷിപ്പിക്കപ്പെടുന്ന **തുഞ്ചത്തെഴുത്തച്ഛൻറെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ** **അയോധ്യാകാണ്ഡത്തിൽ** നിന്നെടുത്തവയാണ് വരികൾ. **ശ്രീരാമൻറെ പട്ടാഭിഷേകം(**യുവരാജാവായി കിരീടധാരണം നടത്തുന്ന ചടങ്ങ്**) മുടങ്ങിയതറിഞ്ഞ് കോപാകുലനായിരിക്കുന്ന അനുജൻ ലക്ഷ്മണനെ, ശ്രീരാമൻ ആശ്വസിപ്പിക്കുന്നതാണ് സന്ദർഭം.**

**?** ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്യുന്നതിൻറെ പ്രത്യേകതകൾ കണ്ടെത്തുക.

**വത്സ! സൗമിത്രേ! എന്ന സംബോധനയിൽ** ശ്രീരാമന് അനുജനോടുള്ള **അതിയായ സ്നേഹവും വാത്സല്യവും വിനയവും പ്രകടമാകുന്നതോടൊപ്പം അനുജനെ അംഗീകരിക്കുന്നതായും** കാണാൻ കഴിയുന്നു.
അങ്ങനെ സംബോധന ചെയ്യുന്നതിൻറെ കാരണങ്ങൾ:-ലക്ഷ്മണന് തന്നോടുള്ള സ്നേഹം തനിക്കറിയാമെന്ന് ബോധ്യപ്പെടുത്തുക,കോപിഷ്ഠനായ അനുജനെ അനുനയിപ്പിക്കുക, അനുജനോടുള്ള തൻറെ സമീപനം അറിയിക്കുക എന്നിവയാണ്.
കോപിഷ്ഠനായ അനുജനെ ശാന്തനാക്കിയശേഷം മാത്രമാണ് ശ്രീരാമൻ കാര്യങ്ങൾ അവതരിപ്പിക്കുന്നത്.

**മനശ്ശാസ്ത്രപരമായ സമീപനമാണ്** രാമൻ ഇവിടെ കൈക്കൊള്ളുന്നത്-പ്രകോപിതനായി നിൽക്കുന്ന ഒരാളെ ശാന്തനാക്കാനുള്ള തന്ത്രപരമായ സമീപനം.

**?** ജീവിതത്തിൻറെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ പറയുന്നതെന്തെല്ലാമാണ്

തന്നോടുള്ള സ്നേഹവും ആദരവുമാണ് ലക്ഷ്മണനെ കുപിതനാക്കുന്നതെന്നറിയുന്ന ശ്രീരാമൻ **രാജ്യം,ദേഹം,ലോകം,ധാന്യധനാദികൾഎന്നിവ അസ്ഥിരമാണെന്ന് സമർത്ഥിക്കുന്നു.** അതുകൊണ്ടുതന്നെ നശ്വരമായ അതിൻറെ നേട്ടത്തിൽ ആനന്ദിക്കാനൊന്നുമില്ല എന്നും അനുജനെ ഉപദേശിക്കുന്നു.

**സുഖഭോഗങ്ങൾ മിന്നൽപ്പിണർ പോലെ ക്ഷണികങ്ങളാണ്.ചുട്ടുപഴുത്ത ലോഹത്തിൽ ഒരു തുള്ളി വെള്ളം വീഴുമ്പോൾ സംഭവിക്കുന്നതുപോലെ** ക്ഷണനേരം കൊണ്ട് നശിക്കുന്നതാണ് മനുഷ്യജീവിതം.

**പാമ്പിൻറെ വായിൽ ഇരയായ് അകപ്പെട്ട തവള ഭക്ഷണത്തിനുവേണ്ടി അപേക്ഷിക്കുന്നതുപോലെ,** കാലമാകുന്ന സർപ്പത്താൽ **(കാലാഹി)** വിഴുങ്ങപ്പെട്ട മനുഷ്യർ ചഞ്ചലമനസ്കരായി ലൗകികസുഖങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ്.

ഭാര്യ,മക്കൾ,ബന്ധുജനങ്ങൾ,സുഹൃത്തുക്കൾ,ധനം തുടങ്ങിയവ അൽപ്പകാലത്തേക്ക് മാത്രമേയുള്ളൂ.**സത്രത്തിൽ ഒരു രാത്രി ഒത്തുകൂടുന്ന യാത്രക്കാർ പിറ്റേന്ന് വഴിപിരിഞ്ഞുപോകുന്നതുപോലെയും പുഴയിലൂടെയൊഴുകുന്ന പൊങ്ങുതടികൾ പോലെയും തികച്ചും അസ്ഥിരമാണ് ജീവിതം.**(നാട്ടും വീടും കുടുംബവും ജീവിതവുമെല്ലാം അൽപ്പകാലത്തേക്കു മാത്രമേയുള്ളൂ എന്ന ആശയമാണ് ഇവിടെ സൂചിപ്പിക്കുന്നത്.)

ധനം,ഐശ്വര്യം,യൗവനം ഇവയൊന്നും ശാശ്വതമല്ല. ചിന്തിച്ചുനോക്കിയാൽ, സ്നേഹം,ദ്വേഷം,അഹങ്കാരം,മാത്സര്യം,അത്യാഗ്രഹം എന്നിവയെല്ലാം നിറഞ്ഞ ഈ **ലൗകികജീവിതം(സംസാരം) വെറും സ്വപ്നതുല്യമാണ്.**

**? അർത്ഥം കണ്ടെത്തൽ**

| | | |
|---|---|---|
| നിർണയം-നിശ്ചയം, | ക്ഷണപ്രഭ-മിന്നൽ, | സന്തപ്തം-ചുട്ടുപഴുത്ത, |
| ചക്ഷുശ്രുവണൻ- പാമ്പ് , | ഗളസ്ഥം-കഴുത്തിൽ സ്ഥിതി ചെയ്യുന്ന, | ദർദ്ദുരം-തവള, |
| അഹി-സർപ്പം, | പരിഗ്രസ്തം-വിഴുങ്ങപ്പെട്ട | കളത്രം-ഭാര്യ , |
| പാന്ഥർ-വഴിയാത്രക്കാർ, | പെരുവഴിയമ്പലം-സത്രം, | താന്തർ-ക്ഷീണിതർ, |
| സന്നിഭം-തുല്യം , | ആമ്രേഡിതം-ആവർത്തിച്ചു പറയൽ, | വിഘ്നം-തടസ്സം, |
| സംസാരം-ലൗകികജീവിതം, | മനസ്താപം-ദു:ഖം, | നൃണാം-മനുഷ്യർക്ക് |

**?** കാലത്തെ പാമ്പായി കണക്കാക്കിയതിൻറെ യുക്തിയെന്തായിരിക്കാം

- **കാലം എല്ലാവരേയും പതുക്കെപ്പതുക്കെ വിഴുങ്ങിത്തീർക്കുന്നു,**
- പാമ്പിനെപ്പോലെ ഭയം ജനിപ്പിക്കുന്നു.
- കാലം **ചിലപ്പോൾ ചടുലമായും(വേഗതയിൽ),ചിലപ്പോൾ മന്ദമായും(സാവധാനത്തിൽ)ചലിക്കുന്നതായി** അനുഭവപ്പെടുന്നു.
- **പാമ്പിൻറെതുപോലുള്ള നീളം കാലത്തിനും** കൽപ്പിക്കാം.

? ദേഹത്തിൻറെ (ശരീരത്തിൻറെ)നിസ്സാരതയെക്കുറിച്ച്...

**ദേഹം നിമിത്തമാണ് അഹങ്കാരമുണ്ടാകുന്നത്.**ഞാൻ ബ്രാഹ്മണനാണ്,ഞാൻ രാജാവാണ്,ഞാൻ ശ്രേഷ്ഠനാണ് എന്നൊക്കെ മനുഷ്യർ ആവർത്തിച്ച് പറഞ്ഞ് അഹങ്കരിച്ചുകൊണ്ടിരിക്കുന്നു.ഈ ശരീരം ജന്തുക്കൾ ഭക്ഷിച്ച് വിസർജ്ജിച്ചേക്കാം;തീയിൽ വെന്ത് വെണ്ണീറായി മാറിയേക്കാം;മണ്ണിൻറെയടിയിൽ

ക്കിടന്ന് ചീഞ്ഞ് പുഴക്കളായ് മാറിയേക്കാം.അതിനാൽ ദേഹത്തെ അടിസ്ഥാനമാക്കിയുള്ള അതിമോഹം ഒരിക്കലും നല്ലതല്ല.

തുടർന്ന് ശരീരത്തിൻറെ നിസ്സാരതയെക്കുറിച്ച് സമർത്ഥിക്കുന്ന ശ്രീരാമൻ: ഈ ശരീരത്തെ സ്നേഹിക്കുന്നതെന്തിന് ? **തൊലി,മാംസം,രക്തം,അസ്ഥി,മലം,മൂത്രം,ശുക്ലം എന്നിവയെല്ലാം സമ്മേളിക്കുന്ന ഒരിടം മാത്രമാണ് ശരീരം. അത് നശിച്ചുപോകാനുള്ളതുമാണ്.**ഭൂമി(മണ്ണ്),ജലം,അഗ്നി,വായു,ആകാശംഎന്നീ പഞ്ചഭൂതങ്ങളാൽ നിർമിച്ച ഈ ശരീരം കൊണ്ട് ആരും ഒന്നും നേടുന്നില്ല.ശരീരം പരിണാമിയും (മാറിക്കൊണ്ടിരിക്കുന്നത്) അസ്ഥിരവുമാണ്.**ദേഹാഹങ്കാരം കൊണ്ട് ലോകം നശിപ്പിക്കാമെന്ന വിചാരം അറിവില്ലായ്മയാണ്.ഞാൻ ദേഹമാണ് എന്ന ചിന്ത മോഹത്തെ(അറിവില്ലായ്മയെ) ജനിപ്പിക്കുന്ന അവിദ്യയാണ്,മോഹത്തെ ഹനിക്കുന്നത്(നശിപ്പിക്കുന്നത്) വിദ്യയും.ഞാൻ ദേഹമല്ല,ആത്മാവാണെന്ന ബോധം മോഹത്തെ ഇല്ലാതാക്കുന്ന വിദ്യയാണ്.**അതു തിരിച്ചറിയലാണ് ;മനസ്സിലാക്കലാണ് വിദ്യാഭ്യാസം.അതിനാൽ മോക്ഷം ആഗ്രഹിക്കുന്നവർ ഏകാന്തമാനസനായി(ഏകാഗ്രതയോടെ) വിദ്യ അഭ്യസിക്കേണ്ടതാണ്.

?

| <u>സമാസം</u> | | <u>വിഗ്രഹാർത്ഥം</u> |
|---|---|---|
| സൗമിത്രി | - | സുമിത്രയുടെ പുത്രൻ |
| വാത്സല്യപൂരം | - | വാത്സല്യത്തിൻറെ പൂരം |
| രാജ്യദേഹാദി | - | രാജ്യം ദേഹം ആദിയായവ |
| ക്ഷണപ്രഭാചഞ്ചലം | - | ക്ഷണപ്രഭ പോലെ ചഞ്ചലം |
| മർത്ത്യജന്മം | - | മർത്ത്യൻറെ ജന്മം |

? ' **<u>ക്രോധം പരിത്യജിക്കേണം ബുധജനം</u>** '- ക്രോധം വരുത്തി വെക്കുന്ന വിനകൾ:

**കാമക്രോധലോഭമോഹാദികൾ ശത്രുക്കളാണ്** എന്ന് ശ്രീരാമനിലൂടെ എഴുത്തച്ഛൻ പ്രസ്താവിക്കുന്നു.

**മുക്തിക്ക്(മോക്ഷത്തിന്)തടസ്സം വരുത്തുവാൻ എത്രയും ശക്തിയുള്ള ഒന്നാണ്** ക്രോധം.

ക്രോധം കൊണ്ടാണ് **അച്ഛൻ,അമ്മ,സഹോദരൻ,ഭാര്യ,ബന്ധുജനങ്ങൾ,സുഹൃത്തുക്കൾ എന്നിവരെയെല്ലാം വധിക്കാൻ മനുഷ്യൻ തുനിയുന്നത്.** ക്രോധംമൂലം **മനസ്താപം(ദു:ഖം) ഉണ്ടാകുന്നു.**

**ലൗകികബന്ധനത്തിനും ധർമക്ഷയത്തിനും കാരണമാകുന്നതും** ക്രോധം മൂലമാണ്,

അതിനാൽ അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം.

? **എഴുത്തച്ഛൻറെ ഭാഷാശൈലി**

- **ഭാഷാഗൗരവത്തിനുവേണ്ടി ദീർഘമായ സമസ്തപദങ്ങൾ ഉപയോഗിക്കുന്നു.**
  - -വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു
  - -ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
  - -പുത്രമിത്രാർത്ഥകളത്രാദിസംഗമം
  - -ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്സ്
  - -കാമക്രോധലോഭമോഹാദികൾ
  - -മാതാപിതൃഭ്രാതൃമിത്രസഖികൾ
- **വിഭക്തിപ്രത്യയങ്ങളോട്ടുകൂടിയ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു.**

  ബിന്ദുനാ, കാലാഹിനാ, ചേതസാ, രോഷേണ, നദ്യാം,

  ദേഹാഭിമാനിനാം, ബ്രാഹ്മണോഹം,രേതസാം
- **ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങൾ ആവർത്തിക്കുന്നു.**

നീ കേൾക്കണം, കേൾക്ക നീ, ഓർക്ക നീ,

അറികെടോ, നിരൂപിക്ക ലക്ഷ്മണാ, അറിക നീ

- **ഈരടികളിലെ രണ്ടാമത്തെ വർണം സമാനമാണ്**

വത്സ – മത്സര, നിന്നുടെ - മുന്നമേ,

പാന്ഥർ - താന്തർ, കാലാഹിനാ -ആലോലചേതസാ

## 2. ഋതുയോഗം

ഭാരതം ലോകത്തിനു സമ്മാനിച്ച കാവ്യവിസ്മയമാണ് കാളിദാസൻ. കാളിദാസൻറെ ജീവിതകാലത്തെക്കുറിച്ചുള്ള വ്യക്തമായ അറിവുകൾ ഇല്ല, വിക്രമാദിത്യരാജാവിൻറെ സദസ്സിലെ അംഗമായിരുന്നുവെന്ന് പറയപ്പെടുന്നു.

രഘുവംശം,കുമാരസംഭവം,അഭിജ്ഞാനശാകുന്തളം,മേഘസന്ദേശം,മാളവികാഗ്നിമിത്രം, വിക്രമോർവശീയം,ഋതുസംഹാരം എന്നിവയാണ് അദ്ദേഹത്തിൻറെ പ്രധാനകൃതികൾ.

**മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ച, കാളിദാസൻറെ അഭിജ്ഞാനശാകുന്തളം നാടകത്തിൻറെ മലയാളവിവർത്തനമാണ് ഏ.ആർ.രാജരാജവർമ്മയുടെ മലയാളശാകുന്തളം.ഇതിലെ ഏഴാം അങ്കമാണ് പാഠഭാഗം.**സുഖവും ദു:ഖവും നിറഞ്ഞ ജീവിതമാണ് കാളിദാസൻ ശാകുന്തളത്തിലൂടെ അവതരിപ്പിച്ചത്.**പുത്രനുണ്ടായശേഷമുള്ള ശകുന്തളാദുഷ്യന്തന്മാരുടെ പുന:സമാഗമമാണ് പാഠസന്ദർഭം.**

- ഹസ്തിനപുരിയിലെ രാജാവായ ദുഷ്യന്തൻ മൃഗയാവിനോദത്തിനായി പോയപ്പോൾ അപ്രതീക്ഷിതമായി മാലിനീനദീതീരത്തുള്ള കണ്വാശ്രമത്തിൽ എത്തുന്നു.
- കണ്വമഹർഷി തൻറെ വളർത്തുമകളായ ശകുന്തളയുടെ വളർത്തുദോഷം പരിഹരിക്കാനായി സോമതീർത്ഥത്തിലേക്ക് പോയിരുന്നു.
- ശകുന്തളയും തോഴിമാരും ചേർന്ന് ദുഷ്യന്തനെ ആതിഥ്യമര്യാദാനുസരണം സൽക്കരിക്കുകയും ശകുന്തളയും ദുഷ്യന്തനും പ്രണയത്തിലാവുകയും ഗാന്ധർവവിധിപ്രകാരം വിവാഹിതരാകുകയും ചെയ്യുന്നു.
- രാജ്യഭരണാർത്ഥം രാജധാനിയിലേക്ക് പോകേണ്ടിവന്നപ്പോൾ ദുഷ്യന്തൻ ഗർഭിണിയായ ശകുന്തളക്ക് മുദ്രമോതിരം നൽകി, നാലുനാൾക്കകം കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാമെന്ന് അറിയിച്ച പോകുന്നു.
- മനോവിചാരത്തിലായിരുന്ന ശകുന്തള ആശ്രമത്തിൽ അതിഥിയായെത്തിയ ക്ഷിപ്രകോപിയായ ദുർവാസാവ് മഹർഷിയെ കണ്ടില്ല.
- ആദിത്യമര്യാദാപൂർവ്വം സ്വീകരിക്കാത്തതിനാൽ കോപിഷ്ഠനായ ദുർവാസാവ് ശപിക്കുന്നു: "ശകുന്തള ആരെയാണോ ഓർത്തുകൊണ്ടിരിക്കുന്നത്,അയാൾ അവളെ മറന്നുപോകട്ടെ" എന്ന്.
- ശാപവാക്കുകൾ കേട്ട് സഖിമാരായ അനസൂയയും പ്രിയംവദയും മഹർഷിയെ അനുനയിപ്പിച്ച് പരിഹാരം തേടുന്നു.ആരെയാണോ ഓർത്തിരുന്നുപോയത് അയാളെ എന്തെങ്കിലും അടയാളം കാണിച്ചാൽ ശാപമോക്ഷം ലഭിക്കുമെന്ന് ദുർവാസാവ് പറഞ്ഞു.മുദ്രമോതിരം ശകുന്തളയുടെ കൈയിലുള്ളതിനാൽ തോഴിമാർ ആശ്വസിച്ചു.

- ആശ്രമത്തിലെത്തിയ കണ്വമഹർഷി ദിവ്യദൃഷ്ടികൊണ്ട് കാര്യങ്ങൾ മനസ്സിലാക്കിയശേഷം,ഗർഭിണിയായ ശകുന്തളയെ അദ്ദേഹം തൻറെ പ്രിയശിഷ്യന്മാരോടൊപ്പം ദുഷ്യന്തൻറെ കൊട്ടാരത്തിലേക്ക് യാത്രയാക്കുന്നു.
- യാത്രാമധ്യേ മുദ്രമോതിരം ശകുന്തളയുടെ കൈയിൽനിന്നും നഷ്ടപ്പെട്ടു.
- കൊട്ടാരത്തിലെത്തിയ ശകുന്തളയെ ദുർവാസാവിൻറെ ശാപം കാരണം ദുഷ്യന്തരാജാവ് തിരിച്ചറിഞ്ഞില്ല.
- ദുഷ്യന്തൻ അപമാനിച്ച് തിരിച്ചയച്ച ശകുന്തളയെ അപ്സരസായ മാതാവ് മേനക അവിടെയെത്തി കൂട്ടിക്കൊണ്ടുപോയി.
- മാരീചാശ്രമത്തിൽ വെച്ച് ശകുന്തള സർവദമനനെ പ്രസവിച്ചു. [തുടർന്നുള്ള കഥയാണ് ഋതുയോഗം എന്ന പാഠഭാഗം.]

- ദേവാസുരയുദ്ധത്തിൽ വിജയിയായി,ഇന്ദ്രതേരാളിയായ മാതലിയോടൊപ്പം ഭൂമിയിലേക്ക് വരുന്ന വേളയിൽ ദുഷ്യന്തൻ മാരീചാശ്രമത്തിൽ എത്തുന്നു.ബാലനായ സർവദമനനെ കാണുന്നു.
- സിംഹക്കുട്ടിയുടെ വായ പൊളിച്ച് പല്ല് എണ്ണി നിൽക്കുന്ന സർവദമനനെ അത്ഭുതത്തോടെ നോക്കിനിന്ന ദുഷ്യന്തൻ, കുട്ടിയുടെ കൈയിൽ കെട്ടിയിരുന്ന രക്ഷ തറയിൽ അഴിഞ്ഞുവീണപ്പോൾ അതെടുത്ത് കെട്ടിക്കൊടുത്തു.
- സർവദമനൻറെ മാതാപിതാക്കളോ അവനോ അല്ലാതെ,തറയിൽവീണ രക്ഷ എടുത്താൽ അത് സർപ്പമായിമാറി എടുത്തവനെ കടിക്കും.അവൻറെ ജനനസമയത്ത് മാരീചഭഗവാൻ ധരിപ്പിച്ചതാണ് രക്ഷ.
- തൻറെ മകനെയും(സർവദമനൻ) ശകുന്തളയെയും ദുഷ്യന്തൻ തിരിച്ചറിയുന്നു.
- തൻറെ കൈവശമുള്ള മുദ്രമോതിരം (ശകുന്തളയുടെ കൈയിലനിന്ന് നഷ്ടപ്പെട്ട് തിരികെ കിട്ടിയത്) അണിയാൻ ശകുന്തളയോട് ആവശ്യപ്പെടുന്നു.
- താൻ ചെയ്തുപോയ അരുതായ്മകളുടെ പേരിൽ പശ്ചാത്താപവിവശനായ ദുഷ്യന്തൻ മാപ്പു ചോദിക്കുന്നു.
- ദേവന്മാരുടെ മാതാപിതാക്കളായ അദിതിയുടെയും(ദാക്ഷായണി) മാരീചൻറെയും അനുഗ്രഹത്തോടെ ദുഷ്യന്തൻ ശകുന്തളയെ സന്തോഷപൂർവ്വം സ്വീകരിച്ചു.

? **ഋതുയോഗം- ശീർഷകത്തിൻറെ ഔചിത്യം**

- വസന്താഗമം-ഋതുക്കളിൽവെച്ച് ശ്രേഷ്ഠവും സുന്ദരവുമാണ് വസന്തം.
- വസന്തത്തിൽ ലതകൾ പൂവണിയുന്നു.
- മുദ്രമോതിരം അണിയൽ മംഗളകർമമാണ്.
- ശകുന്തളയുടെ ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന സൗഭാഗ്യത്തിൻറെ ലക്ഷണമാണ് സൂചന.
- ശകുന്തള-ദുഷ്യന്ത പുനസ്സമാഗമം-ഋതുയോഗം.
- യോഗമെന്നാൽ കൂടിച്ചേരൽ

? **കഥാപാത്രനിരൂപണം-സർവദമനൻ**

- സർവദമനൻ എന്നാൽ എല്ലാം കീഴടക്കുന്നവൻ എന്നർത്ഥം
- തള്ളയുടെ മുല കുടിച്ചുകൊണ്ടിരിക്കുന്ന സിംഹക്കുട്ടിയുടെ കുഞ്ചിരോമങ്ങൾ പിടിച്ചുവലിക്കുകയും അതിൻറെ വായിലെ പല്ലെണ്ണുകയും ചെയ്യുന്ന ബാലൻ മോശക്കാരനല്ല.

- സർവദമനനിൽ ബാല്യത്തിൻറെ നിഷ്ക്കളങ്കതയും കുസൃതിയും കാണുന്നുണ്ട്.

- ആശ്രമവാസികളെ കുസൃതി നിറഞ്ഞ നിഷ്കളങ്കപ്രവൃത്തികളാലും സഹജീവികളെ സ്നേഹപരിചരണത്താലും വരുതിയിലാക്കുന്ന ബാലൻ.
- മഹർഷിമാർ നൽകിയ പേര് -സർവദമനൻ- ലൗകികകാര്യങ്ങളിൽനിന്ന് ഇന്ദ്രിയങ്ങളെ അടക്കിവാഴുന്നവൻ എന്ന അർത്ഥവുമുണ്ട്.
- ഈ ആശ്രമബാലൻറെ കുസൃതി നിറഞ്ഞ പ്രവൃത്തികളാണ് ദുഷ്യന്തരാജാവിനെ ആകർഷിക്കുന്നത്.

? **' വിളങ്ങുന്നു രാഗം ഭൃശമെഴും..........തണ്ടാർമലരുപോൽ ' ചമൽക്കാരഭംഗി/കാവ്യഭംഗി**

- ➔ ഉപമ കാളിദാസസ്യ, തത്ര ശാകുന്തളം വരം
- ➔ സർവദമനൻറെ ഇളംകൈകൾ താമരപ്പൂവിൻറെ ചുവപ്പുനിറവും മൃദുലതയുമുള്ളത്
- ➔ വിളക്കിച്ചേർത്തതുപോലുള്ള വിരൽ പ്രഭാതത്തിൽ വിടരുന്ന എന്നാൽ പൂർണമായും വിരിഞ്ഞിട്ടില്ലാത്ത താമരപ്പൂവിൻറെ ഇതളുകൾ പോലെ
- ➔ ഉഷസ്സ് സർവദമനൻറെ ബാലത്വത്തെ ധ്വന്യാത്മകമായി സൂചിപ്പിക്കുന്നു.

?? **' ചെറുപാമ്പ് ചന്ദനമരത്തിലെന്നപോൽ....'**

ആശ്രമവിരുദ്ധമായ കാര്യങ്ങൾ ചെയ്ത് നിൻറെ ശ്രേഷ്ഠജന്മത്തിന് കളങ്കമുണ്ടാക്കരുത്.

? **' മോഹമകന്നു തെളിഞ്ഞേൻ...'**

ഗ്രഹണം തീരുമ്പോൾ രാഹുവിനെ ഉപേക്ഷിച്ച് ചന്ദ്രൻ രോഹിണിയോട് ഒത്തുചേരുന്നതുപോലെ,ദുർവാസാവിൻറെ ശാപശക്തികൊണ്ട് ശകുന്തളയെ മറന്ന ദുഷ്യന്തന് ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിയുന്നു.

? **' മാല്യം മൂർദ്ധാവിലിട്ടാൽ തലകുടയുമുടൻ പാമ്പിതെന്നോതിയന്ധൻ...'**

തലയിലിട്ടുകൊടുത്ത പൂമാലയും പാമ്പാണെന്നു കരുതി കാഴ്ചയില്ലാത്തവൻ കുടഞ്ഞുകളയും,അതുപോലെ ശകുന്തളയുടെ നന്മയെ തിരിച്ചറിയാൻ തൻറെ കളങ്കം നിറഞ്ഞ മനസ്സിന് കഴിഞ്ഞിരുന്നില്ലെന്ന ദുഷ്യന്തൻറെ കുറ്റസമ്മതം.

? **രചനാതന്ത്രം-നാടകീയമുഹൂർത്തങ്ങൾ**

- സർവദമനൻ സിംഹക്കുട്ടിയുമായി കളിച്ചുകൊണ്ടിരിക്കുമ്പോൾ- ആകസ്മികമായി ദുഷ്യന്തൻറെ രംഗപ്രവേശം.
- ശകുന്തലാസ്യം എന്ന പ്രയോഗം-ശകുന്തത്തിൻറെ നൃത്തം-ശകുന്തളയുടെ മുഖം (ഒരേ പ്രയോഗത്തെ താപസിയും സർവദമനനും വ്യത്യസ്ത അർത്ഥത്തിൽ മനസ്സിലാക്കുന്നു.)
- കുട്ടിയുടെ കൈയിൽനിന്നും വീണുപോയ രക്ഷ -ദുഷ്യന്തൻ എടുക്കുന്നത്-ആകാംക്ഷ ജനിപ്പിക്കുന്നു.
- ശകുന്തളയുടെ കാൽക്കൽവീണ് ദുഷ്യന്തൻ മാപ്പിരക്കുന്നത്.

? **മുഖ്യകഥാപാത്രങ്ങൾ**

- ✔ ദുഷ്യന്തൻ, ശകുന്തള, സർവദമനൻ,
- ✔ ഗൗതമി-കണ്വാശ്രമത്തിലെ വൃദ്ധതാപസി-ശകുന്തളയുടെ വളർത്തമ്മ
- ✔ മാതലി-ദേവേന്ദ്രൻറെ സാരഥി,ദേവാസുരയുദ്ധം കഴിഞ്ഞുമടങ്ങുന്ന ദുഷ്യന്തന് ശകുന്തളയുമായുള്ള സമാഗമത്തിന് വഴിയൊരുക്കുന്നു,
- ✔ മാരീചൻ-(കശ്യപപ്രജാപതി)-ദേവേന്ദ്രൻറെ പിതാവായ മഹർഷി.ഭർത്താവുപേക്ഷിച്ച ശകുന്തളയെ മാതാവായ മേനക മാരീചാശ്രമത്തിലാണ് കൊണ്ടുചെന്നാക്കിയത്.

✔ അദിതി-(ദാക്ഷായണി)-ദക്ഷൻറെ പുത്രി-ദേവന്മാരുടെ മാതാവ്

**? വിഗ്രഹാർത്ഥം**

വീരബാലൻ- വീരനായ ബാലൻ

ഗളരോമങ്ങൾ- ഗളത്തിലെ രോമങ്ങൾ

ആശ്രമവാസി- ആശ്രമത്തിൽ വസിക്കുന്നയാൾ

പല്ലിൻമൊട്ടുകൾ- മൊട്ടുകൾ പോലുള്ള പല്ലുകൾ

## 3. പാവങ്ങൾ : നാലപ്പാട്ട് നാരായണമേനോൻ

മൂലഗ്രന്ഥം **: ' ലാ മിറാബലെ ' (Le Miserables) നോവൽ - വിക്ടർ ഹ്യൂഗോ**[ ഫ്രഞ്ച് കവി,നോവലിസ്റ്റ് ]

**നാലപ്പാട്ട് നാരായണമേനോൻ :**

മലയാളസാഹിത്യത്തിൽ ഭാവഗീതപ്രസ്ഥാനത്തിന് നേതൃത്വം നൽകി.

'കണ്ണുനീർത്തുള്ളി' അദ്ദേഹത്തിൻറെ പ്രസിദ്ധവിലാപകാവ്യം.

വിക്ടർ ഹ്യൂഗോയുടെ ' ലാ മിറാബലെ ' (Le Miserables) എന്ന ലോകപ്രസിദ്ധനോവൽ **പാവങ്ങൾ** എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

<u>കഥാസംഗ്രഹം</u>

- ഴാങ് വാൽ ഴാങ് എന്ന ദരിദ്രനായ മരംവെട്ടുകാരൻ.
- വിധവയായ സഹോദരിയും അവരുടെ ഏഴുമക്കളും അയാളുടെ സംരക്ഷണയിലായിരുന്നു.
- ഒരു മഴക്കാലത്ത് തൊഴിലില്ലാതെ മുഴപ്പട്ടിണിയിലകപ്പെട്ടപ്പോൾ സഹോദരിയുടെയും കുട്ടികളുടെയും വിശപ്പകറ്റാൻ ബേക്കറിയിൽനിന്നും അയാൾ ഒരു റൊട്ടി മോഷ്ടിച്ചു.
- ആ കുറ്റത്തിന് അഞ്ചു വർഷം ശിക്ഷിക്കപ്പെട്ട ഴാങ് വാൽ ഴാങ് മൂന്നുതവണ ജയിൽ ചാടി.പത്തൊൻപത് വർഷം ജയിൽശിക്ഷ അനുഭവിക്കേണ്ടി വന്നു.
- ജയിൽമോചിതനായ അയാൾക്ക് ആരും അഭയം കൊടുത്തില്ല.
- ഒടുവിൽ ഡി-പട്ടണത്തിലെ മെത്രാൻ, വിശപ്പും ദാഹവും കൊണ്ട് തളർന്ന ഴാങിന് അഭയം നൽകുന്നു -അന്നുരാത്രി മെത്രാൻറെ ഭവനത്തിൽ നടക്കുന്ന സംഭവങ്ങളാണഅ പാഠഭാഗം.
- [പത്തൊൻപത് വർഷം ജയിൽവാസം സമ്മാനിച്ച മനസ്സിൻറെ കാഠിന്യം അയാളിൽ ദുഷിച്ച ചിന്തകളുണർത്തി.]

കൃതികൾ കാലാതീതവും കാവ്യവിസ്മയങ്ങളുമാകുന്നതിൻറെ അനുഭവസാക്ഷ്യമാണ് ഫ്രഞ്ച്കവിയും നോവലിസ്റ്റുമായ <u>വിക്ടർ ഹ്യൂഗോയുടെ</u> വിഖ്യാതനോവലായ **<u>'ലാ മിറാബലെ.'</u> യാഥാർത്ഥ്യങ്ങളെ ആസ്പദമാക്കി രചിച്ച ഈ നോവൽ മനുഷ്യജീവിതത്തിൻറെ മഹാസങ്കടങ്ങളെ അടയാളപ്പെടുത്തുന്നു.എല്ലാ കാലത്തും പാവങ്ങളായി ജീവിച്ചുമരിച്ചുപോകുന്ന മനുഷ്യരുടെ മഹാഗാഥയാകുന്ന ഈ കൃതി** മലയാളസാഹിത്യത്തെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്.

**തെറ്റുകൾക്ക് ശിക്ഷ നൽകുന്ന നിയമത്തിൻറെ ലോകത്ത് തെറ്റുകൾക്ക് മാപ്പ് നൽകുന്ന സ്നേഹത്തിൻറെ നിയമവും കൂടിയുണ്ടെന്ന് ഈ നോവലിലെ പ്രധാനകഥാപാത്രമായ ഴാങ് വാൽ ഴാങ് തിരിച്ചറിയുന്നു.മാനവികതയും കാരുണ്യവും പരസ്പരപൂരകങ്ങളാകുന്നതിൻറെ ദൃഷ്ടാന്തങ്ങൾ പാവങ്ങളിൽ** വായിച്ചെടുക്കാനാകും.

പ്രധാനകഥാപാത്രങ്ങൾ

ഴാങ് വാൽ ഴാങ്, മെത്രാൻ, മദാം മഗ്ലാർ(പരിചാരിക), മെത്രാൻറെ സഹോദരി

? ' **ഉപ്പുകൊണ്ടുള്ള പ്രതിമപോലെ...'** -പ്രയോഗസവിശേഷത

രൂപപരമായ അവ്യക്തത ഴാങ് വാൽ ഴാങിൽ ഉണ്ടായി-ഉള്ളിലെ ഭയം-തൻറെ സ്വത്വം നിർവചിക്കാനാവാത്ത അവസ്ഥ.ഉപ്പ് അലിഞ്ഞുതീരുന്നതുപോലെ താനും ഇല്ലാതാവുമെന്ന തോന്നൽ.

? **സന്ദേശം കണ്ടെത്താം**

- ഴാങ് വാൽ ഴാങ്ങിൻറെ പ്രവൃത്തി സമൂഹത്തിൻറെ കണ്ണിൽ കുറ്റകരമാണെങ്കിലും മെത്രാൻ അത് കുറ്റമായി കാണുന്നില്ല.പാപികളോടു പൊറുക്കുക-മെത്രാൻറെ പ്രവൃത്തി ഴാങ്ങിന് ആശ്വാസവും സമാധാനവും തോന്നുന്നു.
- സമൂഹം മുൻവാതിലുകൾ കൊട്ടിയടക്കുമ്പോൾ മനുഷ്യന് വളഞ്ഞവഴികൾ സ്വീകരിക്കേണ്ടിവരുന്നു.കുറ്റവാളിയെ ആരും സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല.
- ജീവിതസാഹചര്യവും സാമൂഹികാവസ്ഥയും മനുഷ്യനെ തെറ്റിലേക്ക് നയിക്കുന്നു.ജീവിതപ്രയാസങ്ങളെ മറികടക്കാൻ കഴിയാതെ വരുമ്പോൾ പലരും വളഞ്ഞ വഴിയിലൂടെ സഞ്ചരിക്കാൻ നിർബന്ധിതരാകുന്നു.
- എല്ലാവരെയും ഒരുപോലെ കാണുകയും, എല്ലാം എല്ലാവർക്കുമായി പങ്കുവെയ്ക്കുകയും, കഴിയുന്നിടത്തോളം പൂട്ടാത്ത വാതിലുകളും-പൂട്ടാത്ത വാതിൽ -നന്മയുടെ വാതിലാകുന്നു.മെത്രാൻറെ സാമൂഹികവീക്ഷണം-സ്നേഹസങ്കല്പം-മാനവികത
- സ്നേഹവും കാരുണ്യവും ജീവിതത്തെ മനോഹരമാക്കുന്നു.അധികാരത്തിൻറെ അടയാളമാണ് സ്വകാര്യസ്വത്ത്.മാനവികതയും സാഹോദര്യവും പ്രവർത്തിക്കുന്നിടത്ത് സ്വകാര്യസ്വത്ത് (വെള്ളിസാമാനങ്ങൾ)സമൂഹസ്വത്തായി മാറുന്നു.
- നിങ്ങൾക്കുള്ള പേര് എൻറെ സഹോദരൻ എന്നാണ്.എനിക്കുള്ളതിലധികം നിങ്ങൾക്കാണ് ഇവിടെ പൂർണാവകാശം.

? **മെത്രാൻ : "ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല.അതു പാവങ്ങളുടെയാണ്."ഈ പ്രസ്താവനയെ വിശകലനം ചെയ്യുക**

വിലപിടിപ്പുള്ളത് ഒരാളുടെത് മാത്രമായി സൂക്ഷിക്കുന്നത് ശരിയല്ല.ആരും ഒന്നിൻറെയും ശാശ്വതരായ ഉടമസ്ഥരല്ല.തങ്ങളുടെ ജീവിതായോധനത്തിന് മരം കൊണ്ടുള്ള മുള്ളും കയ് ലുകളും മതി.അത് പാവങ്ങൾക്ക് ലഭിച്ചാൽ ഉപകാരമാകും. **ദൈവത്തിൻറെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. മാനുഷികനന്മയിൽ ഊന്നിയ തൻറെ ജീവിതത്തിൽ ഇത്തരം ഭൗതികവസ്തുക്കൾക്ക് സ്ഥാനമില്ല.അധികാരത്തിൻറെ അടയാളമാണ് സ്വകാര്യസ്വത്ത്.**വസുധൈകകുടുംബകം എന്ന ദർശനം പ്രാവർത്തികമാകുന്നിടത്ത് സ്വകാര്യസ്വത്ത് സമൂഹസ്വത്തായി മാറുന്നു.

? **"എൻറെ സ്നേഹിതാ,ഇനി ഇങ്ങോട്ടു വരുമ്പോൾ....കൂടാതെ അത് ഒരിക്കലും പൂട്ടിയിടുകയില്ല."**
**-വിശകലനക്കുറിപ്പ്**

എല്ലാവരേയും ഒരുപോലെ സ്വീകരിക്കുന്ന മോൺസിന്യേർ ബിയാങ് വെനു (മെത്രാൻ) – പാപിയോടു പൊറുക്കുക എന്നത് മാനവികതയുടെ പരകോടി - മെത്രാൻറെ മാനവികത ഴാങ്ങിനെ നന്മയുടെ പ്രതീകമായി കാണുന്നു - സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും - നേർവഴിയിൽ സഞ്ചരിക്കുക – ജീവിതത്തിൽ വളഞ്ഞ വഴികൾ ഉപേക്ഷിക്കുക – ജീവിതത്തെ തുറന്ന പുസ്തകമാക്കുക.

**? "ഒരു സത്യവാനായിരിക്കുവാൻ.....മറക്കരുതേ,ഒരിക്കലും മറന്നുപോകരുത്." -വിശകലനക്കുറിപ്പ്**

- തിന്മയ്ക്ക് ഴാങ്ങിന് മേൽ ഇനി അവകാശമില്ല.തൻറെ പ്രതികരണത്തിലൂടെ ഴാങ്ങ് നന്മവഴിയിലേക്ക് തിരിയാൻ പ്രതിജ്ഞയെടുത്തിട്ടാവുമെന്നും ഈ തിരിച്ചറിവ് ദ്രുതഗതിയിൽ നടക്കുമെന്നും മെത്രാൻ കരുതുന്നു.
- ഴാങ്ങിന് മെത്രാൻ നൽകിയത് സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിൻറെയും മെഴുകുതിരിക്കാലുകൾ - വെളിച്ചത്തിലേക്കുള്ള വഴി.
- മനുഷ്യമനസ്സുകളെ മാറ്റിയെടുക്കാൻ നിമിഷങ്ങൾകൊണ്ട് കഴിയും.
- തന്നിൽനിന്ന് നന്മ പ്രതീക്ഷിക്കുന്നവർ ആരെങ്കിലും ഉണ്ടെങ്കിൽ ഒരാൾ തിന്മയിലേക്ക് തിരിച്ചുനടക്കുകയില്ല.

**? പരലോകത്തുവെച്ച് ഇഹലോകകർമങ്ങളെ.....തിരുക്കുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു. - കാരണമെന്തായിരിക്കാം**

- പ്രവൃത്തിയിലെ ന്യായാന്യായങ്ങൾ ഇഹലോകത്ത് പിടിക്കപ്പെട്ടില്ലെങ്കിലും പരലോകത്ത് വെളിപ്പെടുമെന്ന തോന്നൽ ഭയാനകമായി അനുഭവപ്പെടുന്നു.ലോഹവാദ്യമായ കാഹളശബ്ദം സംഗീതാത്മകമാണെങ്കിലും ഉച്ചസ്ഥായിയിലുള്ള ശബ്ദം ഒരു വിളിച്ചറിയിക്കലാണ്.
- തിരുക്കുറ്റിയുടെ ശബ്ദം താൻ കുറ്റവാളിയാണെന്ന് വിളിച്ചറിയിക്കുന്ന പോലെയും ജീവിതത്തിലെ നന്മയിലേക്കുള്ള സംഗീതമായും അനുഭവപ്പെടുന്നു.
- പാല് തന്ന കൈയ്ക്കുതന്നെ കടിക്കുന്ന പാമ്പ് (അഭയം തന്ന മെത്രാൻറെ ഭവനത്തിൽനിന്നു തന്നെ മോഷണം) ആണോ താൻ എന്ന ചിന്ത ഴാങ്ങിനെ വേട്ടയാടുന്നു.

**? കഥാപാത്രനിരൂപണം**

മോൺസിന്യേർ - മാനവികതയുടെ മഹനീയരൂപം

## യൂണിറ്റ് 2. **അനുഭൂതികൾ ആവിഷ്കാരങ്ങൾ**

സാഹിത്യസൃഷ്ടികളും കലാസൃഷ്ടികളും അനുഭൂതികളെയാണ് ആവിഷ്കരിക്കുന്നത്.ഈ അനുഭൂതികൾ വായനക്കാരനിൽ സൗന്ദര്യമായിത്തീരുന്നു.ആ സൗന്ദര്യാംശം നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.അറിവും ആഹ്ലാദവും പകരുന്ന **വിശ്വരൂപം, പ്രിയദർശനം, കടൽത്തീരത്ത്** എന്നീ പാഠങ്ങളാണ് ഈ യൂണിറ്റിൽ ഉള്ളത്.

**" അൻപുതരുമന്യരൊടു ബന്ധ,മാബന്ധങ്ങൾ**
**നൺപെന്ന മഹിതസൗഭാഗ്യം "**

- തിരുക്കുറൾ(തിരുവള്ളുവർ)

മറ്റുള്ളവരോടുള്ള ബന്ധം ഓരോരുത്തർക്കും സൗഹൃദമായിത്തീരുകയാണെങ്കിൽ അതാണ് ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം എന്ന് തിരുക്കുറൾ.**സ്നേഹം,സമാനഹൃദയത്തോടെയുള്ള സൗഹൃദം ഇവയാണ് മനുഷ്യജീവിതത്തിലെ സൗഭാഗ്യങ്ങൾ** എന്ന് ലോകത്തെ പഠിപ്പിക്കുകയാണ് കവി. നൺപ് /

സൗഹൃദമാണ് ലോകത്തെ നിലനിർത്തുന്ന ഭാവം. തന്നെയും മറ്റുള്ളവരെയും തുല്യനിലയിൽ കാണാനുള്ള മനസ്സാണ് നമുക്ക് ഓരോരുത്തർക്കും ഉണ്ടാകേണ്ടത്.

## 1. വിശ്വരൂപം - ലളിതാംബിക അന്തർജനം

മലയാളകഥയുടെയും നോവലിൻറെയും നവോത്ഥാനത്തിൽ മുഖ്യപങ്കു വഹിച്ച എഴുത്തുകാരിയാണ് ലളിതാംബിക അന്തർജ്ജനം. മലയാളസാഹിത്യത്തിലെ സ്ത്രീപക്ഷകാഴ്ചപ്പാടുകളുടെയും പുരോഗമനചിന്തകളുടെയും കൊടിയടയാളമാണ് അവരുടെ ഓരോ രചനയും.

**വിശ്വരൂപം ഒരു ചെറുകഥയാണ്. മിസ്സിസ് തലത്തിൻറെ ജീവിതത്തിലെ പല ഏടുകൾ പ്രമേയമാകുന്ന ഈ കഥയിൽ സ്നേഹബന്ധത്തിൻറെ പൊരുത്തങ്ങളും പൊരുത്തക്കേടുകളും വായിച്ചെടുക്കാം.മാഡം തലത്ത് അഥവാ മിസ്സിസ് തലത്ത്, അമ്മയായി പരിണമിക്കുന്ന കഥാഗതിയിലൂടെ ജീവിതത്തിലെ വ്യത്യസ്തഭാവങ്ങൾ ആവിഷ്കരിക്കുന്നു.ജീവിതാനുഭവങ്ങൾ കഥാനായികയെ സ്വയം പാകപ്പെടുത്തുകയായിരുന്നു.**വ്യക്തി-കുടുംബ-സാമൂഹ്യ ബന്ധങ്ങളെക്കുറിച്ച് ഈ കഥ വായനക്കാർക്ക് ഉൾക്കാഴ്ച നൽകുന്നു.

- വൃദ്ധയും സുധീറും തമ്മിലുള്ള ബന്ധം - വർഷങ്ങൾക്കു ശേഷമുള്ള കണ്ടുമുട്ടൽ - വൃദ്ധയുടെ വൈകാരികാവസ്ഥ – അവരുടെ ജീവിതത്തിലെ വഴിത്തിരിവുകൾ
- വൃദ്ധയെയും അയാളെയും(സുധീർ) തമ്മിൽച്ചേർക്കുന്ന മറ്റൊരു വ്യക്തിയുടെ സ്മരണ
- ആ വ്യക്തിയുടെ(മിസ്റ്റർ തലത്ത്) അസാന്നിധ്യം
- മിസ്സിസ് തലത്ത് - താഴത്തു കുഞ്ഞുക്കുട്ടിയമ്മയായി - വീണ്ടും പരിണമിക്കുന്ന അവസ്ഥ

**? ചക്രവർത്തിനിയുടെ ജന്മമാണവർക്ക്.ആരുടെ മുമ്പിലും തലകുനിക്കില്ല.**

**അവർ തല കുനിച്ചു - വിശകലനക്കുറിപ്പ്**

മിസ്സിസ് തലത്തിൻറെ ജീവിതത്തിലെ രണ്ടവസ്ഥകളാണ് ഈ പ്രയോഗത്തിലുള്ളത്.സുധീർ മിസ്സിസ് തലത്തിനെക്കുറിച്ച് ഓർമ്മിക്കുകയാണ്. ആരുടെ മുമ്പിലും തലകുനിക്കാത്ത മിസ്സിസ് തലത്തിൻറെ ഇന്നലെകൾ- പരിഷ്കാരി, തൻറേടി, സമ്പന്ന.എന്നാൽ സുധീറിൻറെ മുന്നിൽ അലിവ്(ദയ) ഉള്ള അമ്മ. (ഭൂതകാലസ്വഭാവവും വർത്തമാനകാലദൃശ്യവും). സുധീറിന് സ്വന്തം കൈ കൊണ്ട് പാകം ചെയ്ത കാപ്പി നൽകുന്ന സന്ദർഭം. മിസ്റ്റർ തലത്തിൻറെ മരണശേഷം മിസ്സിസ് തലത്തിൻറെ ജീവിതത്തിൽ വന്നുചേർന്ന പരിണാമം.

**? കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്.**

- മിസ്സിസ് തലത്ത് - സ്വീകരണമുറി,നാടകശാല,ക്ലബ്ബുകളിൽനിന്ന് ക്ലബ്ബുകളിലേക്ക് - പാറി നടന്നു - പ്രസവിച്ചുവെന്ന് തോന്നില്ല - പൗരസ്ത്യസംസ്കാരം മറന്ന സ്ത്രീ.
- വീട്ടിലെ അവസ്ഥാമാറ്റം - മാഡമല്ല, തലത്തല്ല – അമ്മയുടെ ലളിതമായ ജീവിതം - കാലവും ദേശവും വരുത്തിയ മാറ്റം - തീർത്തും വ്യത്യസ്തമായ ജീവിതം
- "വേണ്ടാ സുധീർ,വേണ്ടാ.ഞാൻ ഒരാശ്രിതയാവാനാഗ്രഹിക്കുന്നില്ല.മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ,ഒരു ബന്ധങ്ങളും വേണ്ടാ.” -താപസോചിതമായ ജീവിതം നയിക്കുമ്പോഴും മാഡം തലത്ത് ,മാഡം തലത്ത് തന്നെയാണ്.പഴയ ആ അഭിമാനബോധം...അതേ നിശ്ചയദാർഢ്യം.

? വിശ്വരൂപം-ശീർഷകത്തിൻറെ ഔചിത്യം

- മിസ്സിസ് തലത്തിൻറെ ജീവിതം - ഡോ: തലത്തിൻറെ മരണത്തെത്തുടർന്നുണ്ടായ മാറ്റം
- കുട്ടികളെ സ്നേഹപൂർവം വളർത്താത്ത അമ്മ – അഞ്ചാമത്തെ കുട്ടിയായിക്കണ്ട സുധീറുമായുള്ള പിൽക്കാലത്തെ കണ്ടുമുട്ടൽ
- ഡോ: തലത്തിന് വേണ്ടി രൂപപ്പെടുത്തിയ വ്യക്തിത്വം
- സ്ത്രീയിൽ ജന്മസിദ്ധമായ മാതൃഭാവത്തിലേക്കുള്ള തിരിച്ചുപോക്ക്
- ജീവിതസായാഹ്നത്തിൽ മാതൃത്വത്തിൻറെ വിശ്വരൂപം പ്രകടിപ്പിക്കുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മ.